**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- വിവിധ വിഭാഗം ജൂനിയർ കൺസൽട്ടന്റുമാർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം: 1. ഒഎ(ഇ.കെ.എം) 1560/2022 ന്റെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂലിന്റെ 25.10.2022 ലെ ഉത്തരവ്
2. ഉത്തരവ് നം. ഇഎ1-14509/2022/ഡി.എച്ച്.എസ് തീയതി 21.11.2022
3. ഡോ. പ്രീജ.കെ.പി സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 14509/2022/ആ.വ.ഡ തീയതി 03.12.2022**

കാസറഗോഡ് തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റായ ഡോ. സ്മിജി.ടി.കെയെ പരാമർശം (1) പ്രകാരമുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂലിന്റെ ഉത്തരവ് പ്രകാരം കോഴിക്കോട് വടകര ജില്ലാ ആശുപത്രിയിലെ നിലവിലുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിച്ച ഉത്തരവാകുന്നു.

കണ്ണൂർ തലശ്ശേരി ജനറൽ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റായ ഡോ. പ്രീജ.കെ.പിയെ പരാമർശം (2) പ്രകാരം വയനാട് സുൽത്താൻ ബത്തേരി താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. പരാമർശം (3) ലെ അപേക്ഷ പ്രകാരം ഡോ. പ്രീജ.കെ.പിയെ കാസറഗോഡ് തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലേക്ക് പുനർനിയമിച്ച് ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. വി.മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്
ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**